15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 348 — 01-02-2023 - ൽ മറുപടിയ്ക്ക്

## ആർ. ജി .എസ് .എ. പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ആർ. ജി .എസ്.എ .എന്ന പദ്ധതിയുടെ സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ ലക്ഷ്യങ്ങളും ചുമതലകളും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിനായി, അനുദിനം വർദ്ധിച്ച് വരുന്ന ചുമതലകൾ ഏറ്റെടുക്കുന്നതിനും പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതി നടപ്പിലാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ നിലവിലെ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.<br><br>അതിന്റെ ഭാഗമായി പഞ്ചായത്ത് രാജ് സംവിധാനത്തെ പിന്തുണയ്ക്കുന്നതിന് ഫലപ്രദമായ തത്സമയ ഡാറ്റാ മാനേജ്മെന്റ്, കാര്യക്ഷമമായ സംയോജനം, മെച്ചപ്പെട്ട നിരീക്ഷണം എന്നിവയ്ക്കൊപ്പം പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനുമാണ് സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുള്ളത്. പ്രമേയപരമായ സമീപനങ്ങളിലൂടെ ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ ചുമതലയാണ്. |
| (ബി) | നിലവിൽ പ്രസ്തുത യൂണിറ്റിൽ എത്ര ജീവനക്കാരാണുള്ളത്; അവരുടെ സേവന-വേതന വ്യവസ്ഥകളുടെ വിശദാംശം അറിയിക്കാമോ; ഏത് തീയതി പ്രാബല്യത്തിലുള്ള വേതനനിരക്കാണ് ഇപ്പോൾ നൽകിവരുന്നതെന്ന് അറിയിക്കാമോ; | (ബി) | ആർ.ജി.എസ്.എ. പദ്ധതിയുടെ സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ വാർഷിക കരാർ വ്യവസ്ഥയിൽ നിലവിൽ 5 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br><br>29.01.2021 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| തസ്തിക | വേതനം (പ്രതിമാസ കൺസോളിഡേറ്റഡ്) |
|---|---|
| പ്രോജക്റ്റ് മാനേജർ | 43,155/ |
| സ്പെഷ്യലിസ്റ്റ്(MIS) | 31,920/ |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 31,920/ |
| സോഷ്യൽ ജസ്റ്റിസ് | 31,920/ |

| | | | |
|---|---|---|---|
| | | | കൺസൽട്ടന്റ് \| <br>ടെക്നിക്കൽ അസിസ്റ്റന്റ് \| 19,670/<br><br>RGSA പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഫീസ് മാന്വൽ പ്രകാരം കൈകാര്യം ചെയ്യുന്നതിനും വരവ് ചെലവ് കണക്കുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുമായി പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടന്റ് തസ്തികയിലുള്ള ഒരു ജീവനക്കാരനെ RGSA പദ്ധതിയുടെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിൽ അക്കൗണ്ടന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരന് ടിയാന്റെ മാതൃവകുപ്പിൽ ലഭിക്കുന്ന വേതനമായ 57,330/- രൂപയാണ് ശമ്പളയിനത്തിൽ അനുവദിക്കുന്നത്. |
| (സി) | ആയത് പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കാമോ; ഇല്ലായെങ്കിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (സി) | പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിനായി ചെലവഴിക്കാവുന്ന തുകയുടെ പരമാവധി വാർഷിക പരിധി 26,40,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരുടെ വേതനം അനുവദിക്കുന്നതിന് നിലവിൽ 25,90,980/- രൂപ ആവശ്യമായി വരുന്നു. ടി ജീവനക്കാരുടെ വേതനം ഇനിയും വർദ്ധിപ്പിച്ചാൽ പ്രസ്തുത ഘടകത്തിനായി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള തുകയിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടാകുന്നു. ടി തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്രസർക്കാരാണ്.<br><br>കൂടാതെ, ആർ.ജി.എസ്.എ. സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ വേതനം, സമാന യോഗ്യതകളുള്ള ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് (കരാറടിസ്ഥാനത്തിൽ) തസ്തികക്ക് നല്കിവരുന്ന വേതനത്തിന് തുല്യമാക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ കേന്ദ്രവിഹിതം വർദ്ധിപ്പിച്ച് ലഭിക്കുന്നതിന് വിധേയമായി, ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് സംസ്ഥാനത്ത് സമാനമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുമായി തുല്യത ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കാമോ? | (ഡി) | പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിനായി ചെലവഴിക്കാവുന്ന തുകയുടെ പരമാവധി വാർഷിക പരിധി 26,40,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരുടെ വേതനം അനുവദിക്കുന്നതിന് നിലവിൽ 25,90,980/- രൂപ ആവശ്യമായി വരുന്നു. ടി ജീവനക്കാരുടെ വേതനം ഇനിയും വർദ്ധിപ്പിച്ചാൽ പ്രസ്തുത ഘടകത്തിനായി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള തുകയിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടാകുന്നു. ടി തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്രസർക്കാരാണ്.<br><br>കൂടാതെ, ആർ.ജി.എസ്.എ. സംസ്ഥാന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ വേതനം, |

| | | | |
|---|---|---|---|
| | | | സമാന യോഗ്യതകളുള്ള ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് (കരാറടിസ്ഥാനത്തിൽ) തസ്തികക്ക് നല്കിവരുന്ന വേതനത്തിന് തുല്യമാക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ കേന്ദ്രവിഹിതം വർദ്ധിപ്പിച്ച് ലഭിക്കുന്നതിന് വിധേയമായി, ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ